# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5755 | 29/07/2015 ൽ മറുപടിക്ക് |
|---|---|

## മന്ത്രിമാർക്കെതിരേയുള്ള പരാതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.രാജു എബ്രഹാം | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | മന്ത്രിമാരായ ശ്രീ.കെ.എം.മാണി, ശ്രീ.അനൂപ് ജേക്കബ് എന്നിവർക്കെതിരെ അഴിമതി ആരോപിച്ച് കേരളാ കോൺഗ്രസ്സ് നേതാവ് ശ്രീ.ആർ.ബാലകൃഷ്ണപിള്ള വിജിലൻസ് ഡയറക്ടർക്ക് പരാതി നൽകിയിരുന്നോ ; | (എ) യും (ബി) യും | പ്രസ്തുത വ്യക്തികൾക്കെതിരെ ശ്രീ.ആർ.ബാലകൃഷ്ണ പിള്ള മുഖ്യമന്ത്രിക്ക് 5.2.2015 തീയതിയിൽ സമർപ്പിച്ച പരാതിയുടെ പകർപ്പ് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിൽ 13.4.2015 തീയതിയിൽ ലഭ്യമായിട്ടുണ്ട്.<br><br>പ്രസ്തുത പരാതിയിൽ, ബാർ, ക്വാറി, ജ്വല്ലറി, റൈസ് മിൽ ഉടമകളുമായി ബന്ധപ്പെട്ട ആരോപണം, ദേശിയ ഗെയിംസിനെ സംബന്ധിച്ചവ, ഡിസ്ട്രിക്റ്റ് കൺസ്യൂമർ ഡിസ്പ്യൂട്ട് റിഡ്രസ്സൽ ഫോറത്തിലെ നിയമനങ്ങളിലെ ക്രമക്കേടുകൾ എന്നിവ സംബന്ധിച്ചുള്ള ആരോപണങ്ങൾ പ്രത്യേക അന്വേഷണ ഏജൻസി മുഖേന അന്വേഷണം നടത്തണമെന്ന ആവശ്യമായിരുന്നു ഉന്നയിച്ചിരുന്നത്. പ്രസ്തുത ആരോപണങ്ങളിൽ ഒന്നൊഴികെ മറ്റെല്ലാം അവ്യക്തവും പൊതുവായതും വിജിലൻസ് അന്വേഷണത്തിന് പ്രാപ്തമാകാത്ത വിധം മതിയായ കാരണങ്ങളില്ലാത്തതും ആയിരുന്നു.<br><br>എന്നാൽ ഡിസ്ട്രിക്റ്റ് കൺസ്യൂമർ ഡിസ്പ്യൂട്ട് റിഡ്രസ്സൽ ഫോറങ്ങളിലെ നിയമനങ്ങളിൽ ക്രമക്കേടുകൾ നടന്നതായുള്ള ആരോപണങ്ങളിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് സ്പെഷ്യൽ സെൽ പോലീസ് സൂപ്രണ്ടുമാർക്ക് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | എങ്കിൽ എന്നാണ് പരാതി നൽകിയതെന്നും ഇതിന്മേൽ സ്വീകരിച്ച തുടർ നടപടികളെന്തെല്ലാമെന്നും വ്യക്തമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ